# നീര ഉത്പാദനം സെപ്റ്റംബർ രണ്ട് മുതൽ



തൃശൂർ : നീര ഉത്പാദനം, പരിശീലനം, പ്രചാരണം എന്നിവയ്ക്ക് മാതൃകാ സംരംഭങ്ങളുണ്ടാക്കാൻ കാർഷിക സർവകലാശാലയെ ചുമതലപ്പെടുത്തി ഉത്തരവായി. സെപ്റ്റംബർ രണ്ട് മുതൽ നീര ഉത്പാദനം ആരംഭിക്കും. ആദ്യ ഘട്ടത്തിൽ സർവകലാശാലാ ഫാമുകളിലെ തെങ്ങുകൾ മാത്രമാകും ചെത്തുക. രണ്ടാം ഘട്ടം സ്വകാര്യ തോട്ടങ്ങളിലേക്ക് വ്യാപിപ്പിക്കും. സർവകലാശാല പുറത്തിറക്കുന്ന ഉത്പന്നം കേരാമൃതം എന്ന പേരിലാകും അറിയപ്പെടുക. രുചിപ്രദമായ ഈ പാനീയം ഊർജ ദായകമായതിനാൽ സ്പോർട്സ് ഡ്രിങ്ക് എന്ന നിലയിലും പ്രചരിപ്പിക്കാനാകുമെന്ന് കാർഷിക സർവകലാശാലാ വൈസ് ചാൻസലർ ഡോ. പി. രാജേന്ദ്രൻ പറഞ്ഞു.

ആദ്യ ഘട്ടത്തിൽ ഒരു മാസത്തിൽ നൂറു ലിറ്റർ വീതം നീര ഈ മൂന്ന് സ്ഥലങ്ങളിൽ നിന്നായി ഉത്പാദിപ്പിക്കും. തിരുവനന്തപുരത്ത് വെള്ളായണിയിലും, തൃശ്ശൂരിൽ വെള്ളാനിക്കരയിലും കാസർകോട് ജില്ലയിലെ പീലിക്കോട് ഗവേഷണ കേന്ദ്രത്തിലുമാണ് സംരംഭങ്ങൾ തുടങ്ങുക. ഇതിനായി 5 കോടി 40 ലക്ഷത്തിന്റെ സാമ്പത്തിക സഹായമാണ് സർക്കാർ നൽകുക.